**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2329** **19.07.2016 ൽ മറുപടിയ്ക്ക്**

**തെങ്ങുകളിലെ രോഗബാധ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.പി.കെ. ശശി | ശ്രീ. വി.എസ്.സുനിൽ കുമാർ (ബഹു.കൃഷി വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷമായി രോഗബാധ മൂലവും മറ്റു കാരണങ്ങളാലും മുറിച്ച് മാറ്റപ്പെട്ട തെങ്ങുകളുടെ ഏകദേശ കണക്ക് ലഭ്യമാക്കുമോ;

(എ) സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷമായി രോഗബാധ മൂലവും മറ്റു കാരണങ്ങളാലും മുറിച്ച് മാറ്റപ്പെട്ട തെങ്ങുകളുടെ കണക്ക് ചുവടെ ചേർക്കുന്നു.

| വർഷം | എണ്ണം |
|---|---|
| 2011-12 | 609986 |
| 2012-13 | 918972 |
| 2013-14 | 337000 |
| 2014-15 | 117448 |

(ബി) തെങ്ങുകളിലെ രോഗലക്ഷണങ്ങൾ കണ്ടെത്തി രോഗ നിവാരണം വരുത്തുന്നതിൽ കാർഷിക സർവകലാശാലയ്ക്കും കൃഷി വകുപ്പിനും കഴിയാത്തതു മൂലം തെങ്ങുകൾ മുറിച്ചുമാറ്റുന്നത് പരിശോധിക്കുവാൻ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ;

(ബി) തെങ്ങുകളിലെ രോഗലക്ഷണങ്ങൾ കണ്ടെത്തി രോഗ നിവാരണം വരുത്തുന്നതിൽ കൃഷി വകുപ്പ് കർഷകർക്ക് മാർഗ്ഗനിർദ്ദേശവും, സഹായവും നൽകി വരുന്നുണ്ട്. കാറ്റുവീഴ്ച രോഗം നിയന്ത്രിക്കുന്നതിന് രോഗബാധിതവും, ഉത്പാദനക്ഷമത തീരെ കുറഞ്ഞതുമായ തെങ്ങുകൾ കണ്ടെത്തി അവ മുറിച്ച് മാറ്റി പകരം രോഗ പ്രതിരോധശേഷിയുള്ള എലൈറ്റ് തെങ്ങിൻതൈകൾ നടുന്നതിന് കൃഷി വകുപ്പ് സഹായം നൽകി വരുന്നുണ്ട്. ഇതിനായുള്ള പദ്ധതികൾ കാലാകാലങ്ങളിലായി നടപ്പിലാക്കിവരുന്നുണ്ട്. 2016-17 വർഷം തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്ന കേര ഗ്രാമം പദ്ധതി പ്രകാരവും ഇതിനുള്ള നടപടികൾ കൃഷി വകുപ്പ് കൈകൊണ്ടു വരികയാണ്.

(സി) തെങ്ങിന്റെ രോഗ നിവാരണത്തിനു നവീന

(സി) തെങ്ങിന്റെ രോഗനിവാരണത്തിനും, വിളവ്

| | | | |
|---|---|---|---|
| | മരുന്ന് കണ്ടെത്തി സംസ്ഥാനത്താകമാനം ലഭ്യമാക്കുവാനും, വിളവ് വർദ്ധിപ്പിക്കുവാനായി നവീന സാങ്കേതിക വിദ്യയുടെ സഹായം ലഭ്യമാക്കുവാനും എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; | | വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പ്രതിവിധികൾ നിർദ്ദേശിക്കുന്നതിനുള്ള നടപടികൾ കാർഷിക സർവ്വകലാശാലയുടേയും കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെയും നേതൃത്വത്തിൽ നടപ്പാക്കി വരുന്നു. |
| (ഡി) | തേങ്ങയ്ക്ക് താങ്ങുവില ഉറപ്പാക്കുവാനും ഇടനിലക്കാരെ ഒഴിവാക്കുവാനും എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഡി) | നാളികേര വിപണിയിൽ ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് തേങ്ങയ്ക്ക് താങ്ങുവില ഉറപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ പച്ചനാളികേര സംഭരണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കൃഷി വകുപ്പും, കേരഫെഡും സംയുക്തമായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത കൃഷി ഭവനുകളിലൂടെ കർഷകരിൽ നിന്നും നേരിട്ട് പച്ച നാളികേരം സംഭരിക്കുന്നു. വിപണി വിലയേക്കാൾ ഉയർന്ന നിരക്കിൽ നാളികേരം സംഭരിക്കുന്നതിന് ഈ വർഷം സർക്കാർ 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ